(എ) സഹകരണ സംഘങ്ങൾ സംഭരിച്ച എത്ര ക്വിന്റൽ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്;

(ബി) എന്ത് വിലയ്ക്കാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) കേരളത്തിലെ നെൽകർഷകരിൽ നിന്നും വിവിധ ഏജൻസികൾ കഴിഞ്ഞ സീസണിൽ സംഭരിച്ച 459673 ക്വിന്റൽ നെല്ലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു തുടങ്ങിയിട്ടുള്ളത്. കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത സംഭരണ ഏജൻസികളിൽ നിന്ന് 30-6-2005 വരെ 118884 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) നെല്ലിന്റെ സംഭരണ വില സൊസൈറ്റികളുമായി ചർച്ച ചെയ്ത് തീരുമാനിക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സൊസൈറ്റികളുമായി ചർച്ച നടത്തുകയും സൊസൈറ്റികൾ മില്ലിൽ എത്തിക്കുന്ന നെല്ലിന് കിലോഗ്രാമിന് 7 രൂപ എന്ന വില നിശ്ചയിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

എൽ. പി. ജി. ഗ്യാസിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നടപടി

*25 [72] *ശ്രീ. കെ. എൻ. എ. ഖാദർ:*
,, *പി. കെ. കെ. ബാവ:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകവാതകത്തിന്റെ ഉപഭോഗം വർദ്ധിച്ചു വരുന്നതിനനുസരിച്ച് ഗ്യാസിന്റെ ലഭ്യതയും വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണ കേന്ദ്രങ്ങൾ തുറന്ന് വിതരണം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ച് വിതരണത്തിനുള്ള പരാതികൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ഗ്യാസ് ഉപഭോഗം വർദ്ധിച്ചു വരുന്നതിനനുസരിച്ച് ഗ്യാസിന്റെ ലഭ്യത വർദ്ധിപ്പിച്ചിട്ടില്ലെന്നാണ് ഭൂരിഭാഗം ജില്ലാ സപ്ലൈ ഓഫീസർമാരും റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗ്യാസ് ഔട്ട്ലെറ്റുകളിൽ ആവശ്യമനുസരിച്ച് ഗ്യാസ് ലഭിക്കുന്നുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇപ്പോൾ 4 വിതരണ കേന്ദ്രങ്ങൾ ഉണ്ട്. പുതുതായി വിതരണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ഓയിൽ കമ്പനികൾ പുതിയ വിതരണകേന്ദ്രങ്ങൾ അനുവദിച്ച് നൽകിയാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

*26 [73] *ശ്രീ. എ. സി. മൊയ്തീൻ:*
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യ സാധനങ്ങൾക്ക് സബ്സിഡി നൽകുവാൻ തയ്യാറാകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ക്രമാതീതമായി വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly